ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഭൂകമ്പത്തിൽ കേടുപാട് സംഭവിച്ച വീടുകൾക്ക് പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെടുന്നവർക്ക് നൽകുന്ന അതേ നിരക്കിൽ, പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആരാധനാലയങ്ങൾക്കും മറ്റും ദുരിതാശ്വാസ നിധിയിൽ നിന്ന് നഷ്ടപരിഹാരം നൽകുന്നതിന് ഇപ്പോൾ വ്യവസ്ഥയില്ല. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ പരിഗണനയിൽ ഇല്ല.

കാലവർഷക്കെടുതികൾക്കുള്ള സഹായം

73 (886) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുവർഷം കാലവർഷക്കെടുതിമൂലം സംസ്ഥാനത്ത് ആകെ എന്തെല്ലാം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട് ; ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കുമോ ;

(ബി) ദുരന്തത്തിന് ഇരയായവർക്ക് സഹായങ്ങൾ എത്തിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു ; അതിലേയ്ക്കായി സർക്കാർ എന്തു തുക ചെലവഴിച്ചു ;

(സി) ഇതിലേയ്ക്ക് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാശനഷ്ടങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) പ്രകൃതിക്ഷോഭ ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് 30,000 രൂപ വീതവും, വീടുകൾ നഷ്ടപ്പെട്ടവർക്ക് ഭാഗിക നഷ്ടത്തിന് 5,000 രൂപ വരെയും, പൂർണ നഷ്ടത്തിന് 15,000 രൂപയും നൽകിയിട്ടുണ്ട്. മറ്റ് നാശനഷ്ടങ്ങൾക്ക് നിശ്ചിത തോതിൽ ധനസഹായം നൽകുന്നുണ്ട്. ദുരിതാശ്വാസത്തിനായി ചെലവഴിച്ച തുക അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

(സി) ഇതിലേയ്ക്ക് പ്രത്യേക കേന്ദ്ര സഹായമൊന്നും ലഭിച്ചിട്ടില്ല. സംസ്ഥാന പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായ 17.34 കോടി രൂപ ലഭിച്ചിട്ടുണ്ട്.

വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ സംരക്ഷണ കേന്ദ്രങ്ങൾ

74 (887) ശ്രീ. പി. കെ. കുമാരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† അനുബന്ധം VIII, IX

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IX

[27-2-01-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 73 (886) ന്റെ ഉത്തരം കാണുക.]

ജില്ല	മരണം	മുറിവേറ്റവർ	വീടിന് നാശം എണ്ണം	പൂർണം തുക	വീടിന് ഭാഗികം എണ്ണം	നാശം പൂർണം തുക	കാർഷിക നഷ്ടം	മൃഗ നഷ്ടം	റോഡ് കെട്ടിടം തുടങ്ങിയവ	നഷ്ട പരി ഹാരം നൽ കിയത്
തിരുവനന്തപുരം	5	6	10		1779	1860565	11610000			749000
കൊല്ലം	9		68		2300		2395197	67990		3162280
പത്തനംതിട്ട			77	1012000	4298	500000	248300000		250000000	115000
ആലപ്പുഴ			46	388326	862	2424027	18600000		20000000	2013975
എറണാകുളം	10		75	1339000	1029	3181845	5226888		കടലാക്രമണം	2750000
കോട്ടയം				10858200		8430850	29242870			2676634
ഇടുക്കി	2			2068785		477620	28779500	341700	21300000	9600000
തൃശൂർ	10	33	97	1624900	1214	3375329			25673000	1094475
പാലക്കാട്	16	38	55		883	7557500	30478800		1200000	2895000
മലപ്പുറം	7		52		858		31921500			3845000
വയനാട്	16		87		1866		4901750			1092825
കോഴിക്കോട്	32	32	72		1354		18900000			3550000
കണ്ണൂർ										7384000
കാസർഗോഡ്	33	5	97		704		200000000			5685000